

# പടിഞ്ഞാറെ വെമ്പല്ലൂർ സെന്റ് ജോസഫ്സ് ഇടവക

ചേരരാജ്യത്തിന്റെ തലസ്ഥാനപുരിയും മികച്ച തുറമുഖ പട്ടണവും ആയിരുന്ന കൊടുങ്ങല്ലൂരിൽ നിന്ന് 6 മൈൽ അകലെ വടക്ക് തൃക്കണാ മതിലക ത്തോട് ചേർന്നുകിടക്കുന്ന ഗ്രാമമാണ് പടിഞ്ഞാറെ വെമ്പല്ലൂർ. മതിലകം സുറിയാനി പള്ളിയുടെ പരിധി യിൽ പെട്ടതായിരുന്നു ഈ പ്രദേശം. ഈ ഭാഗത്ത് നിവസിച്ചിരുന്ന ക്രൈസ്തവരുടെ ആഗ്രഹപ്രകാരം റവ. ഫാ. ജോസഫ് കടമ്പാട്ടുപറമ്പിൽ മതിലകം പള്ളി വികാരിയായിരുന്നപ്പോൾ (1963-65) പടി ഞ്ഞാറെ വെമ്പല്ലൂരിൽ പള്ളിപണിക്കുവേണ്ടി 1964-ൽ സ്ഥലം വാങ്ങി.

## പള്ളി

അനന്തരം 1973-ൽ മതിലകം പള്ളി വികാ രിയായിരുന്ന ബഹു. ആന്റണി കണ്ണമ്പുഴയുടെ നേതൃത്വത്തിൽ വി. യൗസേപ്പ് പിതാവിന്റെ നാമ ധേയത്തിലുള്ള കുരിശുപള്ളിയുടെ പണി ആരം ഭിച്ചു. കുറച്ചുകാലം കഴിഞ്ഞ് നിയമിതനായ ബഹു. ജോസ് മാളിയേക്കൽ അച്ചന്റെ ഉത്സാഹത്താൽ പണിതീർന്ന കുരിശുപള്ളിയുടെ വെഞ്ചിരിപ്പുകർമ്മം തൃശ്ശൂർ രൂപതയുടെ മെത്രാൻ മാർ ജോസഫ് കുണ്ടു കുളം 1974 ഒക്ടോബർ 5-ാം തിയ്യതി നിർവ്വഹിച്ചു.

## ഇടവക, പുതിയ പള്ളി

മതിലകം പള്ളിയിലെ വികാരിയച്ചന്മാർതന്നെ വെമ്പല്ലൂർ കുരിശുപള്ളിയുടെയും വികാരിമാരായി കാര്യങ്ങൾ നടത്തിപ്പോന്നു. ബഹു. വിൽസൺ ഈരത്തറ അച്ചന്റെ കാലഘട്ടത്തിൽ 1995 നവംബർ 19-ന് ഇവിടത്തെ കുരിശുപള്ളിയെ ഒരിടവകയായി ഇരിങ്ങാലക്കുട രൂപതാ മെത്രാൻ അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവ് പ്രഖ്യാപിച്ചു. റവ. ഡോ. വർഗ്ഗീസ് പാലത്തിങ്കൽ ആയിരുന്നു പ്രഥമ വികാരി.

അന്നുതന്നെ പുതിയ ദേവാലയത്തിനുവേണ്ടി യുള്ള ശിലാസ്ഥാപനകർമ്മം അഭിവന്ദ്യ പിതാവ് തന്നെ നിർവ്വഹിച്ചു. ബഹു. വർഗ്ഗീസ് പാലത്തിങ്കലച്ചന്റെ നേതൃത്വത്തിൽ പൂർത്തിയായ പള്ളിയുടെ കൂദാശാ കർമ്മം 1996 നവംബർ 30-ന് അഭിവന്ദ്യപിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്നു.

## വൈദികമന്ദിരം

കൂടാതെ, ബഹു. വർഗ്ഗീസ് അച്ചന്റെ നേതൃത്വത്തിൽ സങ്കീർത്തിയുടെ മുകളിൽ വൈദികമന്ദിരം, സിമിത്തേരി സൗകര്യം തുടങ്ങിയവ പൂർത്തിയാക്കി. മാത്രമല്ല, 5 മുറികളുള്ള ഒരു കെട്ടിടം നിർമ്മിച്ചത് ഇടവകയുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താൻ സഹായിച്ചു.

## മദ്ബഹാ നവീകരണം

പള്ളിയുടെ മദ്ബഹാ കാലോചിതമായി നവീകരിക്കുന്നതിന് ബഹു. ടൈറ്റസ് കാട്ടുപറമ്പിലച്ചൻ വികാരിയായിരുന്ന കാലഘട്ടത്തിൽ (2001-2004) സാധിച്ചു. 2002 സെപ്തംബർ 15-ാം തിയ്യതി അഭിവന്ദ്യപിതാവ് തന്നെയാണ് വെഞ്ചരിച്ചത്.

ആദ്യമേ ദീർഘകാലം മതിലകം സുറിയാനി പള്ളിയിൽ നിന്നും പിന്നീട് ഇടയ്ക്കിടെ ബിഷപ്സ് ഹൗസ്, മൈനർ സെമിനാരി എന്നിവിടങ്ങളിൽ നിന്നുമുള്ള ബഹു. വൈദികരാണ് ഇവിടെ അജപാലന ശുശ്രൂഷയ്ക്കായി കാലാകാലങ്ങളിൽ നിയുക്തരായത്. അടുത്ത കാലങ്ങളിൽ കൊടുങ്ങല്ലൂർ സെന്റ് മേരീസ് പള്ളിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന വികാരിയച്ചന്മാരാണ് ഇവിടെയും ശുശ്രൂഷയ്ക്കായി നിയമിതരാകുന്നത്.

43 കുടുംബങ്ങളുള്ള ഈ ഇടവക ഇപ്പോഴത്തെ വികാരി റവ. ഫാ. ജീസ് പാക്രത്ത് അച്ചന്റെ നേതൃത്വത്തിൽ വിശ്വാസാധിഷ്ഠിത സ്നേഹ സമൂഹമായി മുന്നോട്ടുപോകുന്നു.